# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1014** **30.10.2019 ലെ മറുപടി**

## ചാലക്കുടിപ്പുഴയുടെ തീരസംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി :** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) 2018-ലെ പ്രളയത്തിൽ ചാലക്കുടി പ്പുഴയുടെ തീരങ്ങൾ ഇടിഞ്ഞുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) പ്രസ്തുത ഭാഗങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (എ) യും (ബി) യും<br>ഉണ്ട്. പ്രസ്തുത ഭാഗങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൊമ്പൻപാറക്കടവ് തടയണയുടെ അറ്റകുറ്റപ്പണികൾക്കും ചാലക്കുടിപ്പുഴയുടെ തീര സംരക്ഷണത്തിനുമായി SDRF-ൽ ഉൾപ്പെടുത്തി 138.80 ലക്ഷം രൂപയുടെ 11 പ്രവൃത്തികൾ കൂടാതെ 48.20 ലക്ഷം രൂപയുടെ 2 പ്രവൃത്തികളും, 20.00 ലക്ഷം രൂപയുടെ ഒരു പ്രവൃത്തിക്കും, Non plan (FD) H/A ൽ 20.00 ലക്ഷം രൂപയുടെ ഒരു പ്രവൃത്തിയും ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും ഏറ്റെടുത്തിട്ടുണ്ട്. ഏറ്റെടുത്ത 15 പ്രവൃത്തികളിൽ 2 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ 3 തവണ വീതം ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാർ ആരും തന്നെ പ്രവൃത്തി ഏറ്റെടുക്കുവാൻ തയ്യാറായിട്ടില്ല. ടി പ്രവൃത്തികൾക്ക് ക്വട്ടേഷൻ ക്ഷണിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>എറണാകുളം ജില്ലയിൽ ഉൾപ്പെടുന്ന ചാലക്കുടിപ്പുഴയിലുള്ള ഭാഗങ്ങൾ കെട്ടി സംരക്ഷിക്കുന്നതിന് SDRF-ൽ ഉൾപ്പെടുത്തി 15 ലക്ഷം രൂപയുടെ ഒരു പ്രവൃത്തി പുരോഗമിച്ചുവരുന്നു. കൂടാതെ FC-PLAN ഉൾപ്പെടുത്തി 15 ലക്ഷം രൂപയുടെ മറ്റൊരു പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**